

# ഫോട്ടോഗ്രാഫര്‍ അജിലാലിന്റെ കേരള യാത്രയിലെ ഏതാനും ദൃശ്യങ്ങള്‍



ഫോട്ടോ: അജിലാല്‍

**മൂലമ്പിള്ളിയിലെ ആഗ്നസ് ചേച്ചിയെ പരിചയപ്പെടവര്‍ക്കാര്‍ക്കും ഒരിക്കലും മറക്കാനാവില്ല. നമ്മുടെ സര്‍ക്കാരിനും ഭരണകര്‍ത്താക്കള്‍ക്കും പക്ഷെ മൂലമ്പിള്ളിക്കാര്‍ക്ക് പകരം ഭൂമിയും നഷ്ടപരിഹാരവും ഇനിയും കൊടുക്കാന്‍ കഴിയാത്തത് എന്തുതരം മറവി രോഗം കൊണ്ടാണ്? ഫെബ്രുവരി 12ന് പധാനമന്ത്രി മന്‍മോഹന്‍സിംഗ് വല്ലാര്‍പാടം കണ്ടെയ്നര്‍ ട്രാന്‍ഷിപ്പ്മെന്റ് ടെര്‍മിനല്‍ ഉദ്ഘാടനം ചെയ്യുമ്പോള്‍ നമ്മളോര്‍ക്കേണ്ടത് വികസനത്തിന്റെ പേരില്‍ കുടിയൊഴിപ്പിക്കപ്പെടുന്ന ഈ പാവങ്ങളെയാണ്. വെള്ളത്തില്‍ വരച്ച വര പോലെയായി സര്‍ക്കാര്‍ ഇവര്‍ക്കു നല്‍കിയ വാഗ്ദാനങ്ങള്‍. വരുന്ന മാര്‍ച്ച് ആറിന് കുടിയൊഴിപ്പിക്കല്‍ നാലാം വര്‍ഷത്തിലേക്ക് കടക്കുമ്പോഴും ശുദ്ധജലം, നടപ്പുവഴി, വൈദ്യുതി, തൊഴില്‍, വാടക ഇവയൊന്നും നല്‍കാതെ ഇവരെ പുനരധിവസിപ്പിക്കാത്തത് യാദൃശ്ചികമായല്ല. വികസനമെന്ന ഭരണകൂടഭീകരതയുടെ തുടര്‍ച്ച മാത്രം.**

ബന്ധങ്ങള്‍ക്ക്: ഫ്രാന്‍സിസ് കളത്തിങ്കല്‍ 9388875603



ഫോട്ടോ: അജിലാൽ

ഇത് കാസർകോട്ടെ മാത്രം ദൃശ്യമല്ല. പാലക്കാടും ഇടുക്കിയിലും വയനാട്ടിലും കേരളമൊട്ടാകെയും നിറയാൻ പോകുന്ന ദുരന്തക്കാഴ്ചയാണ്. എൻഡോസൾഫാൻ നിരോധിച്ചാൽ മാത്രം പോര. രാസവളങ്ങളും കീടനാശിനികളും പൂർണമായും ഒഴിവാക്കി ജൈവകൃഷിയിലേക്ക് നാമോരോരുത്തരും വളർന്നു വികസിക്കേണ്ടതുണ്ട്.



ഫോട്ടോ: അജിലാൽ

**പ്ലാച്ചിമട ഹിന്ദുസ്ഥാൻ കോക്ക കോള ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്കു മുന്നിലെ ഇപ്പോഴത്തെ ഒരു ദൃശ്യം. ഐതിഹാസികമായ പ്ലാച്ചിമട സമരം ഒമ്പതാം വർഷത്തിലും തുടരുന്നു. സമരപ്പന്തൽ ഇപ്പോഴുമുണ്ട്. സമരത്തിന്റെ തുടക്കത്തിൽ കോള കമ്പനിക്ക് മുന്നിൽ പോലീസ് കാവൽ നിന്നിരുന്നു. 2004ൽ ഉത്പാദനം നിർത്തിയ ശേഷം കമ്പനിപ്പടി കുട്ടികൾക്ക് കളിക്കാനും നാട്ടുകാർക്ക് നെല്ലുണക്കാനുമുള്ള സ്ഥലമായി മാറി.**

---

പ്ലാച്ചിമട കൊക്കക്കോള കമ്പനിക്കെതിരെ ഒമ്പതാം വർഷത്തിലും സമരം തുടരുന്ന തദ്ദേശവാസികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള ട്രിബ്യൂണൽ രൂപീകരിക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് പോകുന്നു. ലക്ഷ്യം കാണാതെ, വിജയം നേടാതെ സമരത്തിൽ നിന്ന് പുറകോട്ടില്ല എന്ന ഉറച്ച തീരുമാനത്തിലാണ് സമരപ്രവർത്തകർ. എന്നാൽ മുൻകാലങ്ങളിലേതുപോലെ തട്ടിപ്പ് നടപടികൾ സ്വീകരിച്ച്, യഥാർത്ഥ ആവശ്യങ്ങളെ നേരിടാതെ സർക്കാർ പുകമറ സൃഷ്ടിക്കില്ല എന്ന് നമുക്ക് പ്രതീക്ഷിക്കാം. പ്ലാച്ചിമടയിൽ നിന്നും അകലെയല്ലാത്ത കഞ്ചിക്കോട് പെപ്സി കമ്പനി ജലചൂഷണവും മലിനീകരണവും വർഷങ്ങളായി തുടർന്നുകൊണ്ട് നിർബാധം പ്രവർത്തിക്കുകയാണ്. സർക്കാറിനും പാർട്ടികൾക്കും നിയമസംവിധാനങ്ങൾക്കും വെല്ലുവിളിയുയർത്തുന്ന പെപ്സി കമ്പനിയും അടച്ചുപൂട്ടേണ്ടേ?

## പ്ലാച്ചിമട സമരം 2002 ഏപ്രിൽ 22 മുതൽ ആവശ്യപ്പെടുന്നത്

**1.** പ്ലാച്ചിമടയുടെ ആവാസവ്യവസ്ഥയെ നശിപ്പിച്ച കൊക്കകോള കമ്പനി തദ്ദേശവാസികൾക്ക് നഷ്ടപരിഹാരം നൽകി പുറത്തുപോകുക.

**2.** പ്ളാച്ചിമടയെ വിഷമയമാക്കിയ കോക്കകോള കമ്പനിയെ കുറ്റ വിചാരണ ചെയ്യുക.

**3.** പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിന് ഗ്രാമസഭകൾക്ക് നിയമപരിരക്ഷയോടു കൂടിയ പരമാധികാരം നൽകുക.

**4.** പ്ളാച്ചിമടകൾ ആവർത്തിക്കാതിരിക്കാൻ മലിനീകരണ നിയന്ത്രണ നിയമങ്ങളിലും പഞ്ചായത്തിരാജ് നിയമങ്ങളിലും മാറ്റങ്ങൾ വരുത്തുക.

ബന്ധങ്ങൾക്ക് : വിളയോടി വേണുഗോപാൽ – 9744831675, വിജയരാഘവൻ ചേലിയ– 8086205415